(സി) ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ആയുർവ്വേദ മരുന്നുകളുടെ പേരിൽ നടത്തുന്ന ഇത്തരം വ്യാജവില്പന തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിൽ ഒരു കേസ്സും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ അവ തടയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

ലേലത്തിൽ പോയതും പോകാത്തതുമായ കള്ളുഷാപ്പുകൾ

112 [1915] ശ്രീ. എൻ. ശക്തൻ:
,, സി. പി. മഹമ്മദ്:
,, കെ. മുഹമ്മദാലി:
,, വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര കള്ളുഷാപ്പുകൾ ലേലത്തിൽപോയി;

(ബി) എത്ര ഷാപ്പുകൾ ലേലത്തിൽ എടുക്കാൻ ആളില്ലാതെവന്നു;

(സി) ഇതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിലില്ലാതെവന്നിട്ടുണ്ട്?

ഉത്തരം

(എ) ഈ വർഷം ഇതുവരെ ആകെയുള്ള 4362 കള്ളുഷാപ്പുകളിൽ 4261 കള്ളുഷാപ്പുകൾ വിൽപനയിൽ പോയിട്ടുണ്ട്.

(ബി) അവശേഷിക്കുന്ന 101 ഷാപ്പുകളിൽ 59 ഷാപ്പുകളുടെ വിൽപന കോടതി ഉത്തരവ് മൂലം നിർത്തിവച്ചിരിക്കുന്നു. 42 എണ്ണം ഏറ്റെടുക്കാൻ ആളില്ലാത്തതാണ്. ഈ ഷാപ്പുകൾ തൊഴിലാളി കമ്മിറ്റികൾക്ക് നൽകുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇതുമൂലം 520 തൊഴിലാളികൾക്ക് തൊഴിലില്ലാതെ വന്നിട്ടുണ്ട്.

മദ്യ ഉപഭോഗം

113 [1916] ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യ ഉല്പാദനവും വിതരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം എത്രകേസ്സുകൾ എടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001 മുതൽ ഓരോ വർഷത്തേയും സംസ്ഥാനത്തെ മദ്യ വില്പന എത്രവീതമാണ്;

(സി) കേരളത്തിലെ മദ്യഉപഭോഗം ദേശീയ ശരാശരിയുടെ എത്ര ശതമാന മാണ്;

(ഡി) സംസ്ഥാനത്തെ മദ്യഉപഭോഗം കുറയ്ക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് വരുമാനത്തിന്റെ എത്ര ശതമാനം ഓരോവർഷവും ചെലവഴി ക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) മദ്യഉപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആവി ഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ 6495 കേസ്സുകൾ രജിസ്റ്റർ ചെയ്തി ട്ടുണ്ട്.

(ബി)

വർഷം	ഐ.എം.എഫ്.എൽ. (കെയ്സുകളുടെ എണ്ണം ലക്ഷത്തിൽ)	ബിയർ	കള്ള് (ലിറ്റർ)
2001–02	92.02	28.66	2,66,12,503
2002–03	97.08	33.86	26,37,06,112
2003–04	105.98	39.45	23,67,71,028

(സി) ഇക്കാര്യം വ്യക്തമായി കണക്കാക്കിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ മദ്യഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി എക്സൈസ് ഡിപ്പാർട്ട്മെന്റ് ആകെ വരുമാനത്തിൽ നിന്നും ചെലവഴിക്കുന്ന തുകയുടെ ശതമാനക്കണക്ക് താഴെ ചേർക്കുന്നു:

വർഷം		ശതമാനം
1999-2000	..	0.0105
2000-2001	..	0.0100
2001-2002	..	0.0140
2002-2003	..	0.007
2003-2004	..	0.017

(ഇ) ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തി ജനങ്ങളെ മദ്യാസക്തിയിൽനിന്ന് പിൻതിരിപ്പിക്കുന്നതിനുള്ള കർമ്മപരിപാടികൾ എക്സൈസ് വകുപ്പ് ആവിഷ്കരിച്ച് വരികയാണ്. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ 2004 ജൂൺ 26-ന് എറണാകുളത്ത് പ്രസംഗമത്സരവും പൊതുയോഗ പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly